# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1665 17.06.2013-ൽ മറുപടി നൽകേണ്ടിയിരുന്നത്

### ജുഡീഷ്യൽ കമ്മീഷനുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര ജുഡീഷ്യൽ കമ്മീഷനുകളെ നിയമിക്കുകയുണ്ടായി ;<br><br>ബി) ഏതെല്ലാം വിഷയങ്ങളിന്മേലാണ് കമ്മീഷനെ നിയമിച്ചത് ; | (എ) & (ബി) രണ്ട്.<br><br>1. സോളാർ തട്ടിപ്പും അതുമായി ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകളും സംബന്ധിച്ച് ജസ്റ്റിസ് (റിട്ട.) ശ്രീ. ജി. ശിവരാജനെ അന്വേഷണ കമ്മീഷനായി നിയമിച്ചു കൊണ്ട് ആഭ്യന്തര വകുപ്പും,<br><br>2. സംസ്ഥാനത്ത് നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്ന വാഹനാപകടങ്ങൾ സംബന്ധിച്ച അന്വേഷണം നടത്തി അപകടങ്ങൾക്കുള്ള യഥാർത്ഥ കാരണങ്ങൾ കണ്ടെത്തുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും വേണ്ടി ജസ്റ്റിസ് (റിട്ട.) ശ്രീ. റ്റി. കെ. ചന്ദ്രശേഖരദാസിനെ അന്വേഷണ കമ്മീഷനായി നിയമിച്ചുകൊണ്ട് ഗതാഗത വകുപ്പും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| സി) അതിൽ എത്ര കമ്മീഷനുകൾ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി ; പ്രസ്തുത റിപ്പോർട്ടുകൾ സർക്കാരിൽ ലഭ്യമാണോ ; | (സി) പ്രസ്തുത കമ്മീഷനുകൾ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |
| ഡി) ഓരോ കമ്മീഷൻ റിപ്പോട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് എന്താണെന്ന് വ്യക്തമാക്കാമോ ; | (ഡി) ബാധകമല്ല. |
| ഇ) ഏതെല്ലാം ജുഡിഷ്യൽ കമ്മിഷനുകളെയാണ് ഈ സർക്കാർ പിരിച്ചുവിട്ടത് ; | (ഇ) കാസർഗോഡ് പോലീസ് വെടിവെയ്പുമായി ബന്ധപ്പെട്ട് നിയമിച്ച ശ്രീ. എം. എ. നിസ്സാർ (റിട്ട. ജില്ലാ ജഡ്ജി) കമ്മീഷനെ പിരിച്ചുവിട്ടിട്ടുണ്ട്. |
| എഫ്) പ്രസ്തുത കമ്മീഷനുകളെ പിരിച്ചുവിടാനുണ്ടായ കാരണം വ്യക്തമാക്കാമോ ; | (എഫ്) പ്രസ്തുത കേസ് അന്വേഷണം ബഹു. ഹൈക്കോടതി വിധി പ്രകാരം സി.ബി.ഐ.യ്ക്ക് കൈമാറിയതുകൊണ്ട് ജുഡീഷ്യൽ കമ്മീഷനെ സർക്കാർ പിരിച്ചുവിട്ടു. |

| | |
|---|---|
| ജി) പ്രസ്തുത കമ്മീഷന്റെ ലക്ഷ്യം എന്തായിരുന്നു; വിശദാംശം ലഭ്യമാക്കാമോ ? | (ജി) കാസർഗോഡ് ടൗണിൽ രണ്ടു പേരുടെ മരണത്തിനും വസ്തുവകകളുടെ നാശനഷ്ടത്തിനും ഇടയാക്കിയ 15.11.2009 – ലെ പോലീസ് വെടിവെയ്പിലേയ്ക്ക് നയിച്ച സംഭവങ്ങളും സാഹചര്യങ്ങളെയുംപറ്റി അന്വേഷിക്കുക ; മേൽ സംഭവങ്ങളിൽ പുറത്തുനിന്നുള്ള വ്യക്തികൾ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് അന്വേഷിക്കുക ; പ്രസ്തുത വെടിവെയ്പ് ന്യായീകരിക്കാവുന്നതാണോ; അല്ലെങ്കിൽ അതിനുത്തരവാദികൾ ആരൊക്കെ ; ടി വിഷയവുമായി ബന്ധപ്പെട്ട മറ്റു വസ്തുതകളും ഇതിൽ നിന്നും ഉടലെടുത്ത മറ്റു സംഭവവികാസങ്ങളുമാണ് ശ്രീ. എം. എ. നിസ്സാർ കമ്മീഷന്റെ അന്വേഷണ വിഷയങ്ങൾ. |

സെക്ഷൻ ഓഫീസർ